*പത്രക്കുറിപ്പ്*

**KERALA STATE COMMISSION FOR PROTECTION OF CHILD RIGHTS**
T.C. 14/2036, VanrossJn,University P.O,
Thiruvananthapuram – 34
e-mail : pro.cpcr@gmail.com
Phone : 0471 – 2326603/04/05

08.01.2018

പത്രക്കുറിപ്പ്

## ആ 10 അപ്പീലുകൾ വ്യാജം, ബാലാവകാശ കമ്മീഷൻ

## അനുവദിച്ചത് 12 അപ്പീലുകൾ മാത്രം

സംസ്ഥാന സ്കൂൾ കലോത്സവത്തിൽ ലഭിച്ച അപ്പീലുകളിൽ പരിശോധനയ്ക്ക് പൊതു വിദ്യാഭ്യാസ ഡയറക്ടർ അയച്ചു നൽകിയ 10 എണ്ണവും വ്യാജമാണെന്ന് ബാലാവകാശ കമ്മീഷൻ സ്ഥിരീകരിച്ചു. സ്ഥിരീകരണ വിവരം തുടർനടപടിക്കായി പൊതു വിദ്യാഭ്യാസ ഡയറക്ടറെ അറിയിച്ചിട്ടുണ്ട്. ജനുവരി അഞ്ചിന് ആദ്യത്തെ വ്യാജ അപ്പീൽ ശ്രദ്ധയിൽപ്പെട്ടപ്പോൾത്തന്നെ കമ്മീഷൻ നടപടി സ്വീകരിക്കുകയും ക്രൈം ബ്രാഞ്ച് ഇതിൽ അന്വേഷണം നടത്തിവരികയുമാണ്.

ഈ വർഷം ലഭിച്ച 170-ാളം അപ്പീലുകളിൽ വ്യക്തമായ ബാലാവകാശ ലംഘനം ശ്രദ്ധയിൽപ്പെട്ട 12 എണ്ണം മാത്രമാണ് കമ്മീഷൻ അനുവദിച്ചത്. യോഗ്യരായ കുട്ടികളുടെ ഉത്തമതാത്പര്യം സംരക്ഷിക്കുന്നതിനായി ഇവയുടെ വിശദവിവരവും യഥാസമയം പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് കൈമാറിയിട്ടുണ്ട്.

**ആർ. വേണുഗോപാൽ**
പബ്ലിക് റിലേഷൻസ് ഓഫീസർ
ഫോൺ: 79 94 31 54 58, 0471 232 6603
pr-30/31032017/3605/12/LA2/2017